മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, പാലക്കാട് മണ്ണാർക്കാട് മണ്ഡലത്തിൽപ്പെട്ട അട്ടപ്പാടി ഷോളയൂർ അണക്കാട് ആദിവാസി ഊരിൽ താമസിക്കുന്ന രാമൻ, ചിന്നചോല, മുരുകൻ, രങ്കൻ എന്നിവരെ തമിഴ്നാട് പോലീസിന്റെ സ്പെഷ്യൽ ടാക്സ് ഫോഴ്സുകാർ 24-1-2001 രാവിലെ 8 മണിക്ക് ഇടിഞ്ഞിപ്പാറ മലയിൽ വച്ച് കസ്റ്റഡിയിലെടുത്തു. വീരപ്പന്റെ സഹായികളെന്ന് സംശയിച്ചാണ് അവരെ പിടിച്ചത്. അവരുടെ കൈവശമുണ്ടായിരുന്ന അരിയും മറ്റു സാധനങ്ങളും 72,000 രൂപയും ബന്ധവസ്സിൽ എടുത്തിട്ടുണ്ട്. ഇവർക്കെതിരെ ക്രൈം 16/2001 നമ്പരായി തമിഴ്നാട് ആലാന്തുറ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് കോയമ്പത്തൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. റിമാന്റ് ചെയ്യപ്പെട്ട ഇവർക്ക് കോടതി 9-2-2001-ന് ജാമ്യം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധിപ്പെട്ട് കേരള പോലീസിന് ഇതുവരെ പരാതികളൊന്നും ലഭിച്ചിരുന്നില്ല.

(5) ചിറ്റൂർ, പാലക്കാട്, ആലത്തൂർ താലൂക്കുകളിൽ അലിയാറിൽ നിന്നും കൃഷിക്കും, കുടിവെള്ളത്തിനും ജലം ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എ. ചന്ദ്രൻ : അലിയാറിൽ നിന്ന് യഥാസമയം നമുക്ക് അർഹതപ്പെട്ട ജലം ലഭിക്കാത്തതുകൊണ്ട് ചിറ്റൂർ, പാലക്കാട്, നൂറണത്തൂർ താലൂക്കുകളിലെ ആയിരക്കണക്കിന് ഏക്കർ നെൽക്കൃഷി ഉണങ്ങി നശിച്ചു കഴിഞ്ഞു. ഇപ്പോഴും ഉണക്കം തുടരുന്നു. തുലാവർഷം കുറവായതുകൊണ്ട് കുടിവെള്ളക്ഷാമം രൂക്ഷമായി നേരിടുന്നു. ജനങ്ങൾ ഭീതിയിലാണ്. തുലാവർഷം കുറവായതുകൊണ്ട് രണ്ടാം വിളയിറക്കാൻ കൃഷിക്കാർ വിഷമിച്ചു. അലിയാറിൽ നിന്നും ആവശ്യമായ ജലം ലഭിക്കുന്നില്ല. ഇതുമൂലമുണ്ടായ വരൾച്ചയെപ്പറ്റി ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട ജനറൽസേചന വകുപ്പുമന്ത്രിക്കും ബന്ധപ്പെട്ട അധികൃതർക്കും പല തവണ കത്തു തരികയും നേരിൽ പറയുകയും ചെയ്തതാണ്. യഥാസമയം നടപടിയുണ്ടായില്ല. പറമ്പിക്കുളം, അലിയാർ കരാർ പ്രകാരം ചിറ്റൂർപ്പുഴയ്ക്ക് 7.25 ടി.എം.സി. ജലം ലഭിക്കേണ്ടതാണെന്നാണ് സർക്കാർ കണക്ക്. 4.26 ടി.എം.സി. ജലം മാത്രമാണ് ഇപ്പോൾ നമുക്ക് ലഭിക്കുന്നത്. നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഈ വക കാര്യങ്ങൾ വളരെ വ്യക്തമായി പറയുന്നുണ്ട്. അലിയാറിന്റെ വൃഷ്ടിപ്രദേശത്ത് 31.935 ടി.എം.സി. ജലം ലഭിക്കുന്നതായി അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിൽ രേഖപ്പെടുത്തി കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 16 ടി.എം.സി. ജലത്തിന് ചിറ്റൂർ പുഴയ്ക്ക് അവകാശമുണ്ട്. നഷ്ടമാകുന്നത് 12.74 ടി. എം. സി. ജലമാണ്. ഇതുകൂടാതെ കരാറിൽ 2.5 ടി.എം.സി.വെള്ളം പറമ്പിക്കുളത്തുനിന്ന് ചിറ്റൂർപ്പുഴയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതും ലഭിക്കുന്നില്ല. ഇപ്പോൾ നൽകിത്തുടങ്ങിയ ഒരു ടി.എം.സി. ജലം തമിഴ്നാടിന്റെ ഔദാര്യം കൊണ്ടല്ല, പറമ്പിക്കുളത്തു നിന്ന് അനുവദിച്ച 2.5 ടി.എം.സി. ജലത്തിൽ നിന്നും അടിയന്തിരമായി അലിയാറിൽ നിന്ന് ലഭ്യമാക്കി. മീങ്കര, ചുള്ളിയാർ പ്രദേശങ്ങൾപ്പെടെ ഉള്ള ആയക്കെട്ട് പ്രദേശത്ത് ഇനിയും ഉണങ്ങാതെ നിൽക്കുന്ന നെൽക്കൃഷിയെ ഉണക്കിൽ നിന്ന് രക്ഷിക്കുകയും തുലാവർഷം

LIBRARY ARCHIVES Kerala Legislative Assembly

കുറവായതുമൂലം ഉണ്ടായിട്ടുള്ള വരൾച്ചയിൽ നിന്നും കുടിവെള്ളക്ഷാമത്തിൽ നിന്നും പാലക്കാട് ജില്ലയെ രക്ഷിക്കുകയും ചെയ്യാനുള്ള നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതേയവസരത്തിൽ തമിഴ്-മലയാളികൾ തമ്മിൽ സ്പർദ്ധയുണ്ടാക്കാൻ, കലഹമുണ്ടാക്കാൻ തക്കവണ്ണമുള്ള പ്രസ്താവനകളും സമരവുമാണ് അവിടെ നടക്കുന്നത്. ഇത് വളരെ വിഷമകരമായൊരു സ്ഥിതിയിലേക്ക് നമ്മെ കൊണ്ടു പോകും. അതുകൊണ്ട്, അർഹതപ്പെട്ട വെള്ളം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, പാലക്കാട് ജില്ലയിലെ ചിറ്റൂർപ്പുഴ മേഖലയിലെ 20,000 ഏക്കറോളം സ്ഥലത്ത് കൃഷിക്ക് കർഷകർ പ്രധാനമായും ആശ്രയിക്കുന്നത് തമിഴ്നാട്ടിലെ അലിയാർ ഡാമിലെ ജലമാണ്. 1970-ലെ പറമ്പിക്കുളം അലിയാർ കരാർ പ്രകാരം 7.25 ടി.എം.സി. ജലം വർഷംതോറും കേരളത്തിർത്തിയിലുള്ള മണക്കടവിൽ തമിഴ്നാട് ലഭ്യമാക്കി വരുന്നു. ഓരോ വർഷവും കരാറിൻപ്രകാരമുള്ള വെള്ളം ലഭ്യമാക്കാറുണ്ടെങ്കിലും ചിലപ്പോൾ കാലാവസ്ഥയിലെ വ്യതിയാനങ്ങൾമൂലം ആവശ്യത്തിന് മഴവെള്ളം ഈ പ്രദേശത്ത് ലഭിക്കാറില്ല. തൻമൂലം ഡാമിൽ നിന്ന് ലഭിക്കുന്ന ജലം ആവശ്യത്തിന് തികയാറില്ല. കഴിഞ്ഞ വർഷം ചിറ്റൂർപുഴ പ്രദേശത്ത് ലഭിച്ച മഴ അതിന് മുൻ വർഷത്തേക്കാൾ 30 ശതമാനം കുറവായിരുന്നു. ആയതിനാൽ ഉടമ്പടി പ്രകാരം അലിയാറിൽ നിന്ന് കേരളത്തിന് ലഭിക്കുന്ന വെള്ളംകൊണ്ട് രണ്ടാം വിളയ്ക്ക് മുഴുവൻ ആയക്കെട്ടിലും ജലസേചനം നൽകുവാൻ സാദ്ധ്യമായില്ല. അതിനാൽ അടിയന്തിരമായി 450 ടി.എം.സി. അടി ജലം വിട്ടുതരണമെന്ന് കഴിഞ്ഞ വർഷവും തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. അത് തമിഴ്നാട് അനുവദിച്ചു. മേൽപ്പറഞ്ഞ ജലം കഴിച്ച് ബാക്കി ലഭിക്കാനുള്ളത് 6822 എം.സി. ഫീറ്റ് ജലം മാത്രമായിരുന്നു. ഈ ജലത്തിൽ 12-3-2001-ൽ നമുക്ക് ലഭിക്കാൻ ബാക്കിയുണ്ടായിരുന്നത് വെറും 197 എം.സി. ഫീറ്റ് ജലമായിരുന്നു. ഈ ജലം സാധാരണയായി മാർച്ച് മാസത്തിൽ ചിറ്റൂരിലെ കൊങ്ങൻപട ഉൽസവത്തോടനുബന്ധിച്ചാണ് തരാറുള്ളത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 18-2-2001-ന് ഞാൻ തമിഴ്നാട് ജലസേചന വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടതിന്റെ ഫലമായി ഒരു ടി.എം.സി. ജലം കൂടി കേരളത്തിന് അടിയന്തിരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. അതനുസരിച്ച് ഒരു ടി.എം.സി. ജലം കൂടി 19-2-2001 രാത്രി 8 മണി മുതൽ തമിഴ്നാട് കേരളത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(6) ക്രമ്പ് റബ്ബർ ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. ജോണി നെല്ലൂർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ മാറാടി പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഫാക്ടറിയാണ് മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ക്രമ്പ് റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly